പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3171 10.05.2017 ൽ മറുപടിയ്ക്ക്

സപ്ലൈകോയിലെ ജീവനക്കാരും ഒഴിവുകളും

ചോദ്യം

ശ്രീ. മോൻസ് ജോസഫ് :

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ സപ്ലൈകോയിൽ തനത് ജീവനക്കാരുടെ വിഭാഗത്തിൽ ജൂനിയർ അസിസ്റ്റൻറ്, സീനിയർ അസിസ്റ്റൻറ്-2, സീനിയർ അസിസ്റ്റൻറ് എന്നീ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | സപ്ലൈകോയിൽ നിലവിൽ 5 ജൂനിയർ അസിസ്റ്റൻ്റിന്റെയും, 10 സീനിയർ അസിസ്റ്റൻ്റ് II ൻ്റെയും, ഒരു സീനിയർ അസിസ്റ്റൻ്റിന്റെയും തസ്തികകളാണ് ഒഴിവുള്ളത് (30.04.2017 വരെ). |
| (ബി) | നിലവിലുള്ള ജൂനിയർ അസിസ്റ്റൻറ് പ്രൊമോഷൻ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് പ്രൊമോഷൻ നൽകിയെന്നും ഇനി എത്രപേർ ലിസ്റ്റിൽ ഉണ്ടെന്നും പറയുമോ; | (ബി) | നിലവിലുള്ള ജൂനിയർ അസിസ്റ്റൻറ് പ്രമോഷൻ ലിസ്റ്റിൽ നിന്നും അർഹരായ 222 പേർക്ക് പ്രമോഷൻ നല്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഏകദേശം 334 പേർ അവശേഷിക്കുന്നു. |
| (സി) | ഭക്ഷ്യ ഭദ്രതയുമായി ബന്ധപ്പെട്ട് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്ന സപ്ലൈകോയിൽ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പുതിയ തസ്തികകളുടെ എണ്ണം എത്ര; അതിൽ സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് നൽകുന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ ; | (സി) | ഭക്ഷ്യഭദ്രതയുമായി ബന്ധപ്പെട്ട് സപ്ലൈകോയിൽ ഉണ്ടാകുന്നതിനു ശുപാർശചെയ്യുന്ന പുതിയ തസ്തികകളുടെ എണ്ണം 408 ആണ്. തസ്തികകളുടെ എണ്ണം തരംതിരിച്ച് കണക്കാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നടപടിക്രമങ്ങൾ നടന്നുവരികയാണ് |
| (ഡി) | 24.04.2017-ലെ സപ്ലൈകോ ജീവനക്കാരുടെ അനിശ്ചിതകാല സമരം ഒത്തുതീർപ്പാക്കുന്നതിന്റെ ഭാഗമായുള്ള തീരുമാനമനുസരിച്ച് 30/2010 എന്ന സർക്കാർ ഉത്തരവ് എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | G.O.(Ms).30/2010/F&CSD എന്ന സർക്കാർ ഉത്തരവിൻമേലുള്ള സ്റ്റേ പുന:പരിശോധിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | കോമൺ സർവ്വീസ് റൂൾ സപ്ലൈകോയിൽ എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്നും പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഇ) | സപ്ലൈകോ ജീവനക്കാർക്കു വേണ്ടിയുള്ള കോമൺ സർവ്വീസ് റൂൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എന്നാൽ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ